പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5094 — 27.07.2015 ൽ മറുപടിയ്ക്ക്

<u>അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നല്കൽ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അൺ എയ്ഡഡ് സ്കൂളുകൾക്കും അനുമതി നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം നല്കുമോ? | (എ) | 2009 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2011 ൽ വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (കൈ.) നം. 184/13/പൊ.വി.വ. തീയതി 10.06.2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 308 സ്കൂളുകൾക്ക് 14.05.2015 - ലെ സ.ഉ. (കൈ.) 114/15/പൊ.വി.വ. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ലഭ്യമായ മറ്റ് അപേക്ഷകളിൽ പരിശോധന നടത്തി അംഗീകാരം നൽകുന്ന |

തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ നടപടികൾ പൂർത്തിയായ ശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ